പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2066

05.12.2018 ൽ
മറുപടിയ്ക്ക്

**പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ്<br>ശ്രീ. കെ.ഡി.പ്രസേനൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. മുകേഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവത്ക്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവത്ക്കരണത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>21.10.2017 ലെ സ.ഉ. (കൈ) നം . 211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ക്രമസമാധാന പരിപാലനവും കേസന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17.04.2018 തീയതിയിലെ സ.ഉ. (കൈ) നം. 68/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| | സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നടത്തി വന്നിരുന്ന ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി 14.07.2018 ലെ സ.ഉ. (കൈ) നം. 116/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.<br><br>സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ "പിങ്ക് പട്രോൾ" സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ , വയനാട് ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പ സാമ്പത്തിക വർഷം 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) സാധാരണ ജനങ്ങൾക്ക് ഏത് സമയത്തും ഭയം കൂടാതെ കടന്നു ചെല്ലാവുന്ന രീതിയിൽ പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;<br><br>സി) ജനമൈത്രി പോലീസ് സംവിധാനം മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ടോ; | ബി) യും സി) യും സാധാരണ ജനങ്ങൾക്ക് ഏതുസമയവും കടന്നുചെല്ലുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും റിസപ്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേഷനിൽ വരുന്നവരുടെ പരാതി സ്വീകരിക്കുന്നതിനും മറ്റുമായി ഒരു ഉദ്യോഗസ്ഥനെ പി.ആർ.ഒ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ജനമൈത്രി പോലീസ് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. |
| ഡി) പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറുകയും അനാവശ്യമായി ബലപ്രയോഗം നടത്തുകയും ചെയ്യുന്ന ചുരുക്കം ചില പോലീസ് ഉദ്യോഗസ്ഥരുടെ പ്രവൃത്തികൾ പോലീസ് സേനയ്ക്ക് | ഡി) പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സ്പെഷ്യൽ ബ്രാഞ്ചിന്റെ സേവനം ഉപയോഗപ്പെടുത്തി നിരീക്ഷിച്ച |

ആകെ കളങ്കം വരുത്തുന്ന സാഹചര്യത്തിൽ ഇത്തരം പോലീസുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും ഇവർക്ക് ഇത് സംബന്ധിച്ച് ആവശ്യമായ ബോധവത്കരണം നൽകുവാനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

വരുന്നു. കൂടാതെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ